# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കോളേജ്, വെള്ളായണി**

**Phone: 0471-2381002,2381915,2388000**

**നം. ജി.എൽ/എ(1) 11454/2021** **തീയതി : 22/02/2022**

## ലിമിറ്റഡ് ടെൻഡർ നോട്ടീസ്

വെള്ളായണി കാർഷിക കോളേജിലെ പഴയ കോളേജ് കെട്ടിട (Old Academic Block)ത്തിന്റെ രണ്ടുനിലകളിലെ വിൻഡോഷേഡ് ഓട് മാറ്റി അറ്റകുറ്റപണികൾ ചെയ്ത് ഓട് പുനസ്ഥാപിക്കുന്നതിന് തൊഴിലാളികളെ ഉപയോഗിച്ച് പണി പൂർത്തീകരിക്കുന്നതിന് സീൽ ചെയ്ത ടെൻഡറുകൾ ക്ഷണിക്കുന്നു. ടെൻഡറുകൾ ഡീൻ, കാർഷിക കോളേജ്, വെള്ളായണി, തിരുവനന്തപുരം 695522 എന്ന പേരിൽ അയയ്ക്കേണ്ടതാണ്.

## Work Details

ഉദ്ദേശം 4500 sqr feet ലേയ്ക്കുള്ള പണിയാണ് പൂർത്തിയാക്കേണ്ടത്.

പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ തൊഴിലാളികളുടെ ശമ്പളമാണ് ടെന്ററിൽ രേഖപ്പെടുത്തേണ്ടത്.

- ടെൻഡർ സ്വീകരിക്കുന്ന അവസാന തീയ്യതി 09.03.2022 ,12 മണി
- ടെൻഡർ തുറക്കുന്ന സമയവും തീയ്യതിയും 09.03.2022, 2 മണി

## Terms & Conditions

1. നിരത ദ്രവ്യനിക്ഷേപം :- ടെൻഡർ തുകയുടെ 1% നിരത നിക്ഷേപദ്രവ്യമായി ഡീൻ, കാർഷിക കോളേജ് വെള്ളായണിക്ക് പ്രത്യേക ഡിമാന്റ് ഡ്രാഫ്റ്റായി അടയ്ക്കേണ്ടതാണ്.
2. ടെൻഡർ രേഖകൾ അടങ്ങുന്ന സീൽ ചെയ്ത കവറിൽ വിൻഡോഷേഡിന്റെ ഓട് മാറ്റി അറ്റകുറ്റപണികൾ ചെയ്ത് ഓട് പുനസ്ഥാപിക്കുന്നതിനുള്ള ലിമിറ്റഡ് ടെൻഡർ എന്ന് രേഖപ്പെടുത്തേണ്ടതാണ്.
3. ടെൻഡറിനൊടൊപ്പം കേരള സ്റ്റാമ്പ് പേപ്പറിൽ 200 രൂപ വിലയുള്ള കരാർ ഉണ്ടായിരിക്കേണ്ടതാണ്.
4. ക്രമപ്രകാരമല്ലാത്തതും പൂർണ്ണമല്ലാത്തതും ടെൻഡർ വിളിച്ച പണിയുടെ സവിശേഷതകൾക്കനുസരിച്ചല്ലാത്തതുമായ ടെൻഡറുകൾ റദ്ദാക്കുന്ന തിന് കാരണമാകുന്നതാണ്.
5. ടെൻഡർ ലഭിച്ചയാൾ കേരള സ്റ്റാമ്പ് പേപ്പറിൽ 200 രൂപയുടെ എഗ്രിമെന്റ് നടത്തുകയും ടെൻഡർ ഇനത്തിന്റെ വിലയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി ടേം ഡെപ്പോസിറ്റ്/ബാങ്ക് ഗ്യരന്റി/ഡിമാന്റ് ഡ്രാഫ്റ്റ് രൂപത്തിൽ SBI വെള്ളായണിയിൽ ഡീൻ ഓഫ് ഫാക്കൽറ്റി, കാർഷിക കോളേജ്, വെള്ളായണി എന്ന പേരിൽ അടയ്ക്കേണ്ടതാണ്. കരാറിന്റെ മാതൃക കേരള കാർഷിക സർവ്വകലാശാല വെബ്സൈറ്റിൽ നിന്നും (www.kau.in) എടുക്കേണ്ടതാണ്.

6. ഡീൻ ഓഫ് ഫാക്കൽറ്റി, കാർഷിക കോളേജ്, വെള്ളായണിയ്ക്ക് ഒരു കാരണവും പറയാതെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ഓഫറുകളും സ്വീകരിക്കാനോ നിരസിക്കാനോ അവകാശമുണ്ടായിരിക്കുന്നതാണ്.
7. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.
8. ടെൻഡർ അന്തിമമാക്കുന്നതിൽ ഒപ്പിട്ടവരുടെ തീരുമാനം അന്തിമമായിരിക്കും. ടെൻഡറുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് കാർഷിക കോളേജ്, വെള്ളായണിയിലേക്ക് മെയിൽ അയക്കാവുന്നതാണ്. (coa@kau.in)
9. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയ്യതി കഴിഞ്ഞ് വന്നതും അപൂർണ്ണവുമായ ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. കൂടാതെ ഇ.എം.ഡിയും കേരള സ്റ്റാമ്പ് പേപ്പറിലെ എഗ്രിമെന്റും ഇല്ലാത്ത ടെൻഡറുകളും സ്വീകരിക്കുന്നതല്ല.
10. ടെൻഡർ തുറക്കുന്ന അവസാന ദിവസം അപ്രതീക്ഷിതമായി എന്തെങ്കിലും അവധി വന്നാൽ അടുത്ത പ്രവൃത്തി ദിവസം അതേ സമയം ടെൻഡർ തുറക്കുന്നതാണ്.
11. പണിക്ക് ഏർപ്പെടുത്തുന്ന തൊഴിലാളികളുടെ സുരക്ഷയുടെ പൂർണ്ണ ഉത്തരവാദിത്വം ടെൻഡർ സ്വീകരിക്കുന്ന വ്യക്തിയിൽ നിക്ഷിപ്തമായിരിക്കും.
12. ടെൻഡർ സ്വീകരിച്ച് 3 ദിവസത്തിനുള്ളിൽ പണി ആരംഭിക്കേണ്ടതും 15 ദിവസത്തിനകം പണി പൂർത്തീകരിക്കേണ്ടതുമാണ്.
13. തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനാവശ്യമായ സാമഗ്രികൾ ആവശ്യപ്രകാരം വാടകയ്ക്കെടുത്ത് ലഭ്യമാക്കുന്നതാണ്.
14. പണി പൂർത്തിയാക്കുന്നതിനാവശ്യമായ അനുബന്ധ വസ്തുക്കൾ ഇവിടെ നിന്നും ലഭ്യമാക്കുന്നതാണ്.
15. പണി പൂർത്തീകരിക്കുന്ന തോതനുസരിച്ച് ആവശ്യമെങ്കിൽ ഭാഗികമായി കൂലി തുക അനുവദിക്കുന്നതാണ്.

**(ഒപ്പ്)**

**ഡോ.എ.അനിൽ കുമാർ**

**ഡീൻ ഓഫ് ഫാക്കൽറ്റി**

**സ്വീകർത്താവ്**

യൂണിവേഴ്സിറ്റി വെബ്സൈറ്റ്

നോട്ടീസ് ബോർഡ്

പഞ്ചായത്ത്

കോർപ്പറേഷൻ

**S.M 04.03.2022**